**Sree Sankaracharya University of Sanskrit, Kalady**
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**

തീയതി: 07.03.2026

# പ്രസിദ്ധീകരണത്തിന്

## സംസ്കൃത സർവ്വകലാശാലയെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തണം : ഡോ. ആർ. ബിന്ദു

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സവിശേഷമായ സാമൂഹ്യദൗത്യം തിരിച്ചറിഞ്ഞുകൊണ്ട് സർവ്വകലാശാലയെ ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുള്ള ശ്രമങ്ങൾ നടത്തണമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കേരള സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച അമിനിറ്റി സെന്റർ, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ സി. എസ്. ആർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആംഫി തീയറ്റർ, സർവ്വകലാശാലയിലെ ആർട്ട് ഗാലറി ആൻഡ് എക്സിബിഷൻ സെന്റർ, പുതുതായി തുടങ്ങുന്ന ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം, "രൂപകല്പന" ആശയാവതരണ പ്രോഗ്രാം എന്നിവയുടെ ഉദ്ഘാടനം കാലടി മുഖ്യ കാമ്പസിലെ യൂട്ടിലിറ്റി സെന്ററിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി ഡോ. ആർ. ബിന്ദു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സാമൂഹ്യനീതി സങ്കല്പനങ്ങൾ ഉയർത്തിപ്പിടിക്കണം. ഗവേഷണ മേഖലയെ ശാക്തീകരിച്ച് ഗുണമേന്മ വർദ്ധിപ്പിക്കണം. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ആവിഷ്ക്കരിച്ച നിരവധിയായ പദ്ധതികളിലൂടെ കാലത്തിനനുസൃതമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ നവവൈജ്ഞാനിക നിർമ്മിതി നടത്തുവാൻ സർക്കാരിന് കഴിഞ്ഞു, മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു.

വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് അധ്യക്ഷയായിരുന്നു. അമിനിറ്റി സെന്ററിന്റെയും, ആംഫി തീയറ്ററിന്റെയും നിർമ്മാണ ചുമതല നിർവ്വഹിച്ച കോസ്റ്റ്ഫോർഡിന്റെ സീനിയർ പ്രൊജക്ട് ഡയറക്ടർ ടി. കെ. സ്കന്ദകുമാർ, ആംഫി തീയറ്ററിന്റെ നിർമ്മാണത്തിന് ധനസഹായം നൽകിയ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ

സജി കെ. ജോർജ് എന്നിവർക്ക് മന്ത്രി ഡോ. ആർ. ബിന്ദു ഉപഹാരങ്ങൾ നൽകി ആദരിച്ചു. വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് സർവ്വകലാശാലയുടെ സ്നേഹോപഹാരം മന്ത്രി ആർ. ബിന്ദുവിന് നൽകി.

സിൻഡിക്കേറ്റ് അംഗവും വർക്ക്സ് ആൻഡ് പർച്ചേസ് സ്ഥിരം സമിതി കൺവീനറുമായ ഡോ. ബി. അശോക് റിപ്പോർട്ട് അവതരിപ്പിച്ചു. സിൻഡിക്കേറ്റ് അംഗവും സംഘാടക സമിതി ചെയർപേഴ്സണുമായ അഡ്വ. കെ. എസ്. അരുൺ കുമാർ, സിൻഡിക്കേറ്റ് അംഗവും സംഘാടക സമിതി ജനറൽ കൺവീനറുമായ ആർ. അജയൻ, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. എം. സത്യൻ, ഡോ. മാത്യൂസ് ടി. തെള്ളി, ഡോ. വി. ലിസി മാത്യു, ഡോ. ടി. മിനി, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പൗളി ബേബി, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. വി. സ്റ്റീഫൻ, ക്യാമ്പസ് യൂണിയൻ ചെയർപേഴ്സൺ ശ്യാംജിത് കെ., കോസ്റ്റ്ഫോർഡ് സീനിയർ പ്രൊജക്ട് ഡയറക്ടർ ടി. കെ. സ്കന്ദകുമാർ, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ സജി കെ. ജോർജ് എന്നിവർ പ്രസംഗിച്ചു. സർവ്വകലാശാലയിലെ നൃത്തവിഭാഗം വിദ്യാർത്ഥികൾ അവതരിപ്പിച്ച നൃത്താർച്ചന നടന്നു.

**ഫോട്ടോ അടിക്കുറിപ്പ്:**
**ഫോട്ടോ ഒന്ന് :** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കേരള സർക്കാരിന്റെ പ്ളാൻ ഫണ്ട് ഉപയോഗിച്ച് കാലടി മുഖ്യ കാമ്പസിൽ നിർമ്മിച്ച അമിനിറ്റി സെന്ററിന്റെ ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ. ബിന്ദു നിർവ്വഹിക്കുന്നു. വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ്, സിൻഡിക്കേറ്റ് അംഗങ്ങളായ ആർ. അജയൻ, അഡ്വ. കെ. എസ്. അരുൺ കുമാർ, ഡോ. ബി. അശോക്, ഡോ. എം. സത്യൻ, രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് എന്നിവർ സമീപം.

**ഫോട്ടോ രണ്ട് :** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കേരള സർക്കാരിന്റെ പ്ളാൻ ഫണ്ട് ഉപയോഗിച്ച് കാലടി മുഖ്യ കാമ്പസിൽ നിർമ്മിച്ച അമിനിറ്റി സെന്റർ, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ സി. എസ്. ആർ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ആംഫി തീയറ്റർ, സർവ്വകലാശാലയിലെ ആർട്ട് ഗാലറി ആൻഡ് എക്സിബിഷൻ സെന്റർ, പുതുതായി തുടങ്ങുന്ന ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാം, "രൂപകല്പന" ആശയാവതരണ പ്രോഗ്രാം എന്നിവയുടെ ഉദ്ഘാടനം കാലടി മുഖ്യ കാമ്പസിലെ

യൂട്ടിലിറ്റി സെന്ററിൽ മന്ത്രി ഡോ. ആർ. ബിന്ദു. നിർവ്വഹിക്കുന്നു. വൈസ്-ചാൻസലർ പ്രൊഫ. സിസ തോമസ്, സിൻഡിക്കേറ്റ് അംഗവും സംഘാടക സമിതി ചെയർപേഴ്സണുമായ അഡ്വ. കെ. എസ്. അരുൺകുമാർ, സിൻഡിക്കേറ്റ് അംഗവും സംഘാടക സമിതി ജനറൽ കൺവീനറുമായ ആർ. അജയൻ, സിൻഡിക്കേറ്റ് അംഗം ഡോ. എം. സത്യൻ, രജിസ്ട്രാർ ഡോ. മോത്തി ജോർജ്, കാലടി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. വി. സ്റ്റീഫൻ, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ സജി കെ. ജോർജ് എന്നിവർ സമീപം.


**ജലീഷ് പീറ്റർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോൺ നം. 9447123075